തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം

*6. [130] ശ്രീ. കെ. ബി. ഗണേഷ്കുമാർ :

" ജോണി നെല്ലൂർ :

" ടി. എം. ജേക്കബ് :

" ഷിബു ബേബിജോൺ :

" ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിന് ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണത്തിനും വിനിയോഗത്തിനുമായി എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് ധനകാര്യ കമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ് കുട്ടി):

(എ) പത്താം പദ്ധതിയുടെ ആരംഭത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നടത്തിപ്പും തുടർ നടത്തിപ്പും വിലയിരുത്തിയിട്ടുണ്ട്. കൂടാതെ വാർഷിക പദ്ധതി രൂപീകരണസമയത്തും ഇത്തരം വിലയിരുത്തലുകൾ നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗരേഖകൾ പരിഷ്കരിച്ച് പുറപ്പെടുവിക്കാറുണ്ട്.

ഇതിനു പറമെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ഇൻ ഗവൺമെന്റ് (IMG), സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (SIRD), സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് (CDS), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നീ അഞ്ച് ഏജൻസികൾ വഴി കൺകറണ്ട് ഇവാലുവേഷൻ 2003-2004 വർഷത്തേക്ക് നടത്തിയിട്ടുണ്ട്. ഈ വർഷം സംസ്ഥാന ആസൂത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ പത്തു വർഷത്തെ പഞ്ചായത്ത് രാജ് പ്രവർത്തനങ്ങളുടെ ഒരു വിലയിരുത്തലും നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിഭവസമാഹരണത്തിനുള്ള അധികാരങ്ങൾ കേരളാ പഞ്ചായത്ത് രാജ് നിയമവും കേരള മുനിസിപ്പാലിറ്റി നിയമവും പ്രകരം നൽകിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി, വിനോദ നികുതി, പ്രദർശന നികുതി എന്നിവ വസൂലാക്കാവുന്നതാണ്. കൂടാതെ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വിഭവസമാഹരണത്തിന് ചുവടെ നൽകുന്ന രീതികൾ അവലംബിക്കാവുന്നതാണ്.

1. കൊടുക്കുവാനുള്ള സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ ഉപഭോഗചുങ്കം (User charges) വസൂലാക്കുക.

2. പ്രോജക്ടുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയും ഗുണഭോക്തൃഗ്രൂപ്പുകളെ ഏൽപ്പിക്കുക.

3. പ്രോജക്ടുകളുടെ പ്രയോജനം ലഭിക്കുന്നവരിൽ നിന്ന് പണമായോ സാധനങ്ങളായോ അധ്വാനമായോ അധികവിഭവ സമാഹരണം നടത്തുക.

4. പ്രാദേശിക വികസന ആവശ്യങ്ങൾക്ക് പ്രവാസികൾ ഉൾപ്പെടെയുള്ള വിഭാഗങ്ങളിൽനിന്ന് സാമൂഹിക നിക്ഷേപം പ്രോൽസാഹിപ്പിക്കുക.

5. പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമേഖല-സ്വകാര്യ മേഖല പങ്കാളിത്തം പ്രോൽസാഹിപ്പിക്കുക.

6. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുക.

7. വാണിജ്യപരമായി വിജയസാധ്യതയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക (പ്രോജക്ടിന്റെ റവന്യൂ വരുമാനത്തിൽനിന്നുതന്നെ അതിന്റെ മൂലധന നിക്ഷേപത്തിന് വാങ്ങിയ വായ്പയുടെ തിരിച്ചടവ് ഉറപ്പാക്കുന്ന തരത്തിലുള്ളവ. ഉദാ:- മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ് സ്റ്റാൻഡുകൾ മുതലായവ).

8. സെസ്സ്, BOT തുടങ്ങിയ നൂതന ധനാഗമ മാർഗ്ഗങ്ങൾ വഴി വിഭവ സമാഹരണം ഊർജ്ജിതപ്പെടുത്താവുന്നതാണ്.

ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വരൂപിക്കുന്ന തനതു വരുമാനം പ്രധാനമായും അടിസ്ഥാന സിവിക് ചുമതലകൾ നിറവേറ്റുന്നതിനും ഒരു ചെറിയ പരിധിവരെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമാണ് വിനിയോഗിക്കുന്നത്.

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ കൃഷിഫാമുകൾ പോലുള്ള സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനം അവയുടെ തനതുഫണ്ടായി കണക്കാക്കി വികസന പ്രവർത്തനം നടത്തുവാൻ അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന വാർഷിക പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം തുക പ്രാദേശികമായി പദ്ധതികൾ ആവിഷ്ക്കരിച്ച് മുൻഗണനാ ക്രമം നിശ്ചയിച്ച് നടപ്പാക്കുന്നതിന് പദ്ധതി ഗ്രാന്റായി നൽകുന്നുണ്ട്. ഗവൺമെന്റ് പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത്.

തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്നതിന് കൈമാറിയ സംസ്ഥാന പദ്ധതികളുടെയും കേന്ദ്രാവിഷ്കൃത പരിപാടികളുടെയും വിഹിതം നൽകുന്നുണ്ട്. കൈമാറ്റം ചെയ്തതും തദ്ദേശഭരണസ്ഥാപനങ്ങൾ ആർജ്ജിച്ചതുമായ ആസ്തികളുടെ അറ്റകുറ്റപ്പണികൾക്ക് മെയിന്റനൻസ് ഗ്രാന്റ് നൽകുന്നുണ്ട്. പൊതു ആവശ്യങ്ങൾക്കായി ജനറൽ പർപ്പസ് ഗ്രാന്റും നൽകുന്നുണ്ട്.

(സി) ഉണ്ട് (വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.) †

ദേശീയ വിസന സമതി യോഗം

*7. [131] ശ്രീ. പി. സി. ജോർജ് :
„ കോടിയേരി ബാലകൃഷ്ണൻ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 ജൂൺ 27-ന് ഡൽഹിയിൽ ചേർന്ന ദേശീയ വികസന സമിതി യോഗത്തിൽ സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് അവതരിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ ഏതെല്ലാം പ്രശ്നങ്ങളാണ് ചർച്ച ചെയ്തതെന്ന് പറയാമോ ;

(സി) ദേശീയ വികസന സമിതി കാർഷികമേഖലയെ സംബന്ധിച്ച ഏതെല്ലാം ശുപാർശകളാണ് നടത്തിയതെന്ന് പറയാമോ ;

(ഡി) കാർഷികാവശ്യത്തിനുള്ള വെള്ളത്തിന് വിലയീടാക്കാൻ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ? എങ്കിൽ ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) 2005 ജൂൺ 27-ന് ഡൽഹിയിൽ ചേർന്ന ദേശീയ വികസന സമിതി യോഗത്തിൽ സംസ്ഥാനത്തെ ബാധിക്കുന്ന താഴെപ്പറയുന്ന പ്രധാന പ്രശ്നങ്ങളാണ് അവതരിപ്പിച്ചത്.

1. കാർഷിക മേഖലയിൽ പ്രത്യേകിച്ച് നാണ്യവിളകളെ സംബന്ധിച്ച പ്രശ്നങ്ങൾ.

† അനുബന്ധം- I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[12-7-2005-ലെ ചോദ്യം നമ്പർ 6 (*130)-ന്റ ഉത്തരം ദയവായി കാണുക]

ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങളുടെ വിശദാംശങ്ങൾ

രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ

പ്രധാനപ്പെട്ട ശുപാർശകളുടെ സംക്ഷിപ്തരൂപം ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സർക്കാരിന്റെ തനതു വരുമാനത്തിന്റെ അഞ്ചര ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറപ്പെട്ട സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനും ആസ്തികൾ സംരക്ഷിക്കുന്നതിനും വേണ്ടി ഗ്രാന്റ്-ഇൻ-എയ്ഡായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കും. രണ്ട് വർഷം മുമ്പുള്ള സാമ്പത്തിക വർഷത്തെ കണക്ക് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ നല്കുന്ന കണക്കിന്റെ അടിസ്ഥാനത്തിൽ വിഹിതം നിശ്ചയിക്കും. ശമ്പളം, ആരോഗ്യമേഖലയിലെ സ്ഥാപനങ്ങളിൽ മരുന്ന് വിതരണം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ, സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണം എന്നിവ ഒഴികെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നടത്തിപ്പിനാവശ്യമായ എല്ലാ ചെലവുകളും തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണം. വാടക, ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും അറ്റകുറ്റപ്പണി, ടെലിഫോൺ ചാർജ്, വാഹന പ്രവർത്തന ചെലവ് എന്നിവ ഇതിൽപ്പെടുന്നു.

2. അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ തനത് നികുതി വരുമാനത്തിന്റെ മൂന്നര ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏല്പിക്കപ്പെട്ട നികുതി, വിഭജിക്കപ്പെട്ട നികുതി, സ്റ്റാറ്റ്യൂട്ടറിയും സ്റ്റാറ്റ്യൂട്ടറി അല്ലാത്തതുമായ ഗ്രാന്റ്-ഇൻ-എയ്ഡ് എന്നിവയ്ക്ക് പകരമായി പ്രത്യേക ഉദ്ദേശ്യത്തോടു കൂടിയും അല്ലാത്തതുമായ പൊതു ആവശ്യ ഗ്രാന്റായി നല്കുന്നു. അടിസ്ഥാന നികുതി, ഗ്രാന്റ്, സ്റ്റാമ്പ് ഡ്യൂട്ടി, സർചാർജ്, വാഹന നികുതി പരിഹാരം എന്നിവയ്ക്ക് പകരമാണ് പ്രസ്തുത ഗ്രാന്റ്-ഇൻ-എയ്ഡ്. റൂറൽ പൂൾ ഗ്രാന്റ്, പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള ഗ്രാന്റ്, പൊതു ആവശ്യ ഗ്രാന്റ്, മറ്റ് എല്ലാ പദ്ധതിയേതര ഗ്രാന്റ്-ഇൻ-എയ്ഡുകളും തദ്ദേശഭരണ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറുന്നു.

3. മുകളിൽ പറഞ്ഞിട്ടുള്ള ഗ്രാന്റുകൾക്കു പുറമെ പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അതേ രീതിയിൽ കൈമാറുന്നതാണ്.

4. മുകളിൽ കൊടുത്തിട്ടുള്ള മൂന്ന് സ്രോതസ്സുകളിലെ ഗ്രാന്റ് കൈമാറുന്നതിനും വിതരണം നടത്തുന്നതിനുമുള്ള ഫോർമുല താഴെ കൊടുത്തിരിക്കുന്നു.

(എ) പദ്ധതി ഗ്രാന്റ്-ഇൻ-എയ്ഡ് :—നിലവിലുള്ള ഫണ്ട് കൈമാറ്റ തത്വവും വിതരണ തത്വവും തുടരുന്നതാണ്. ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭാ സ്ഥാപനങ്ങളുടേയും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രോത്സാഹനമായി പ്രത്യേക ഘടകപദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയേതര ഫണ്ടിന്റെ പത്തു ശതമാനം വരെ നല്കുന്നതാണ്. പ്രോത്സാഹന ഗ്രാന്റ്-ഇൻ-എയ്ഡ് ആയി

LIBRARY ARCHIVES Kerala Legislative Assembly

വിതരണം നടത്തേണ്ട തുകയുടെ ശതമാനം ഗ്രാമപഞ്ചായത്തുകളുടെയും നഗര സഭാ സ്ഥാപനങ്ങളുടെയും അധിക വരുമാന വർദ്ധനവിന്റെ ശതമാനത്തിന് തുല്യമാണ്. ഈ തുക വിഭജിക്കുന്നതിനുള്ള ഫോർമുല താഴെക്കൊടുത്തിരിക്കുന്നു.

$Qi = r_i p_i / \sum r_i p_i$

Qi = പ്രദേശിക സർക്കാരുകളുടെ വിഹിതം

r_i = വരുമാനത്തിന്റെ ശതമാന വർദ്ധനവ്

p_i = തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനസംഖ്യ

പ്രോത്സാഹന സംവിധാനം നിലവിൽ വരുന്ന തീയതി തദ്ദേശഭരണ സ്ഥാപനങ്ങളെ മുൻകൂട്ടി അറിയിക്കുന്നതാണ്.

(ബി) മെയിന്റനൻസ് ഗ്രാന്റ് :— നിലവിലുള്ള നിർമ്മാണ ചെലവിന്റെയും പ്രരംഭ മാനദണ്ഡങ്ങളുടെയും (കാലാകാലങ്ങളിൽ പരിഷ്ക്കരിച്ചത്) അടിസ്ഥാനമാക്കിയാണ് മെയിന്റനൻസ് ഗ്രാന്റ് വിതരണം ചെയ്യുന്നത്. വിശദവിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

(i)	1-4-1967-ന് മുമ്പ് നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി	: മൂലധനത്തിന്റെ 3%
(ii)	1-4-1967-ന് ശേഷം നിർമ്മിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി	: മൂലധനത്തിന്റെ 2%
(iii)	നിലവിലുള്ള നിർമ്മാണ ചെലവ്	: ചതുരശ്ര അടിക്ക് 400 രൂപ
(iv)	പുനർ ടാറിംഗ് കാലയളവ്/ ഡബ്ല്യു.ബി.എം.റോഡുകൾ	: 5 വർഷത്തിൽ ഒരിക്കൽ
(v)	ടാർ ചെയ്ത റോഡുകളുടെ വാർഷിക അറ്റകുറ്റപ്പണി	: രൂപ 25000/കി.മീ.
(vi)	ഡബ്ല്യു.ബി.എം.റോഡ് വാർഷിക അറ്റകുറ്റപ്പണി	: രൂപ 23000/കി.മീ.
(vii)	മൺറോഡുകളുടെ വാർഷിക അറ്റകുറ്റപ്പണി	: രൂപ 2000/കി.മീ.
(viii)	3.8 മീറ്റർ വീതിയുള്ള റോഡുകളുടെ പുനർ ടാറിംഗ്	: രൂപ 1.65 ലക്ഷം/കി.മീ.
(ix)	3.8 മീറ്റർ വീതിയുള്ള ഡബ്ല്യു.ബി.എം. റോഡുകളുടെ പുനർ നിർമ്മാണം	: രൂപ 1.84 ലക്ഷം/കി.മീ.

(എ) പൊതു ആവശ്യ ഗ്രാന്റ് :— ജില്ലാ പഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പൊതു ആവശ്യ ഗ്രാന്റിന്റെ വിഹിതം എസ്റ്റാബ്ലിഷ്മെന്റ് ചെലവ്, ഓഫീസ് പ്രവർത്തന ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് നിശ്ചയിക്കുന്നു. ബാക്കി വരുന്ന തുക താഴെ പറയുന്ന രീതിയിൽ വിതരണം നടത്തുന്നു :

ഗ്രാമ പഞ്ചായത്തുകൾ	:	78.5 ശതമാനം
മുനിസിപ്പാലിറ്റികൾ	:	8.5 ശതമാനം
കോർപ്പറേഷനുകൾ	:	13.0 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

(i) ജനസംഖ്യയുടെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികൾ തമ്മിലും കോർപ്പറേഷനുകൾ തമ്മിലുമുള്ള വിഹിതം വിഭജിച്ചു നൽകുന്നു. വില്ലേജ് പഞ്ചായത്തുകളുടെ കാര്യത്തിൽ കരുതൽ ഫണ്ടായി 10 കോടി രൂപ നീക്കിവയ്ക്കുകയും അത് അവശ്യം ചെയ്യേണ്ടതായ ചുമതലകൾക്ക് (എസ്റ്റാബ്ലിഷ്മെന്റ് ചെലവ്, തെരുവു വിളക്കുകൾ, കുടിവെള്ള വിതരണം എന്നിവയ്ക്ക്) വരുന്ന വിടവ് നികത്തുന്നതിനും ഉപയോഗിക്കുന്നു. കൂടാതെ ഇതിൽ നിന്നും ഇതേ ആവശ്യങ്ങൾക്ക് വേണ്ട വരുമാനം (തനതായി ശേഖരിക്കുന്ന വരുമാനവും പൊതു ആവശ്യ ഗ്രാന്റായി ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുന്ന വിഹിതവും ഉൾപ്പെടെ) ഉപയോഗിക്കാവുന്നതാണ്. രണ്ടും മൂന്നും ഗ്രേഡ് ഗ്രാമപഞ്ചായത്തുകൾക്ക് ഈ രീതിയിൽ ഉണ്ടാകുന്ന വിടവ് പൂർണ്ണമായും ഒന്നാം ഗ്രേഡ് ഗ്രാമപഞ്ചായത്തുകൾക്ക് 50 ശതമാനവും സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്തുകൾക്ക് 25 ശതമാനവും പരിഹരിച്ചു നൽകുന്നു. ബാക്കിയുള്ള ഭാഗം ജനസംഖ്യാനുപാതികമായി വിഭജിച്ചു നൽകുന്നു.

(ii) കൈമാറ്റ കാലയളവിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചയത്തുകൾക്കും നഗരസഭാസ്ഥാപനങ്ങൾക്കും മുൻ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ ലഭിക്കുന്ന വിഹിതത്തിൽ കുറവ് ഉണ്ടാകാതെ നോക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് : പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ജനസംഖ്യാനുപാതികമായി ഒറ്റ തവണയായി നല്കുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന സംഭരണം :

(1) കെട്ടിട നികുതി ഏർപ്പെടുത്തുന്നതിന് ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷൻ കെട്ടിടങ്ങളുടെ തറ വിസ്തൃതി അടിസ്ഥാനപ്പെടുത്തി നികുതി ഘടന നിർണ്ണയിക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്.

(2) സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് സംഭാവികമായ (Presumptive) തൊഴിൽ നികുതി നടപ്പിലാക്കുക.

(3) കേബിൾ, ഇന്റർനെറ്റ് എന്നിവയ്ക്ക് വിനോദ നികുതി ഏർപ്പടുത്തുക.

(4) പരസ്യം ചെയ്യുന്ന ഇനത്തിന്റെയും പ്രദേശത്തിന്റെയും അടിസ്ഥാനത്തിൽ പരസ്യ നികുതി ഈടാക്കുന്നതിന് സർക്കാർ മിനിമം ചാർജ്ജ് നിശ്ചയിക്കേണ്ടതാണ്. അതിനായി ചട്ടങ്ങൾ പുറപ്പെടുവിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നികുതി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കേണ്ടതുമാണ്.

(5) അനധികൃതമായ പരസ്യങ്ങൾ ഒഴിവാക്കുന്നതിനായി പരസ്യങ്ങൾ നിയമാനുസൃതമാണോ എന്ന് തെളിയിക്കുന്ന സമ്പ്രദായം ഉണ്ടാകേണ്ടതാണ്. അനധികൃത പരസ്യങ്ങൾ പതിക്കുന്നവർക്ക് പിഴയായി കുറഞ്ഞത് പരസ്യനികുതിയുടെ അഞ്ച് മടങ്ങ് പിഴ ചുമത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(6) നെൽവയലുകൾ പരിവർത്തനം ചെയ്യുന്നതിനായി മൂലധന വിലയുടെ 5 ശതമാനം പരിവർത്തന നികുതി ചുമത്തുക. ഇതിന്റെ പകുതി തുക മറ്റു പരിവർത്തനങ്ങൾക്കും ഏർപ്പെടുത്തുക. മുൻകൂർ അനുമതി ഇല്ലാതെ നെൽവയലുകൾ നികത്തുന്നതിന് പിഴയായി പരിവർത്തന സെസ്സിന്റെ പത്ത് മടങ്ങും മറ്റുള്ളവയ്ക്ക് പരിവർത്തന നികുതിക്ക് തുല്യമായ തുക പിഴയായും ചുമത്തേണ്ടതാണ്.

(7) സേവന നികുതി നിർബന്ധമായും ഈടാക്കേണ്ടതും അത് അവശ്യം ചെയ്യേണ്ട ചുമതലകളുമായി ബന്ധപ്പെടുത്തേണ്ടതും കെട്ടിട നികുതിയുടെ ഒരു ഭാഗമായി ഈടാക്കേണ്ടതുമാണ്.

(8) സർചാർജ്ജുകൾ ഏർപ്പെടുത്തുന്നതിനുള്ള പരിധി എടുത്തുകളയുന്നതാണ്.

(9) നികുതിയേതര വരുമാനത്തിന്റെ കാര്യത്തിൽ വിവിധ ലൈസൻസുകൾക്ക് സർക്കാർ ചുരുങ്ങിയ ഫീസ് നിശ്ചയിക്കേണ്ടതാണ്. ഇത് വിജ്ഞാപനം മുഖേന ആയിരിക്കണം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഏർപ്പെടുത്തേണ്ടത്. ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ചുരുങ്ങിയ തുക ചട്ടങ്ങൾ പ്രകാരം നിശ്ചയിക്കേണ്ടതാണ്.

(10) നിശ്ചിത കാലയളവിൽ പുതുക്കേണ്ടതായ ലൈസൻസുകളുടെയും പെർമിറ്റുകളുടെയും കാര്യത്തിൽ പത്ത് ദിവസത്തെ ആനുകൂല്യം നല്കിയതിനു ശേഷം ലൈസൻസ് ഫീസിന്റെ 25 ശതമാനം പിഴ ചുമത്താവുന്നതാണ്. ലൈസൻസ് പുതുക്കുന്നതിന് കാലതാമസം വരുത്തുന്നവർക്ക് ഓരോ രണ്ടാഴ്ച കൂടുമ്പോഴും പിഴ വീണ്ടും 25 ശതമാനം വർദ്ധിപ്പിക്കുന്നതാണ്.

(11) ചന്തകൾ, മണൽ ഖനനം നടത്തുന്ന പ്രദേശങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ വരുമാനം ഉണ്ടാക്കേണ്ടതും വരും വർഷങ്ങളിൽ അവയുടെ ലേലത്തിനായി ജില്ലാതലത്തിൽ ഡിസംബർ മാസത്തിൽ പൊതു നോട്ടീസ് നല്കേണ്ടതാണ്.

(12) കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് ഇപ്പോൾ വില്ലേജ് പഞ്ചായത്തുകൾ വിറ്റു വരവിനെ അടിസ്ഥാനപ്പെടുത്തിയാണ് ഏർപ്പെടുത്തിയിരിക്കുന്നത്. വില്ലേജ് പഞ്ചായത്തുകൾ, നഗരസഭാ സ്ഥാപനങ്ങൾ എന്നിവയിലെ ചെറുത്, ഇടത്തരം, വലിയ കച്ചവട സ്ഥാപനങ്ങൾക്ക് സർക്കാർ മിനിമം റേറ്റ് നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതാണ്.

(13) വ്യവസായ സംരഭങ്ങൾക്ക് പ്രത്യേക നമ്പറിംഗ് സമ്പ്രദായം ഏർപ്പടുത്തേണ്ടതാണ്.

(14) താഴെപ്പറയുന്ന ഫീസ് നിരക്കുകൾ വർദ്ധിപ്പിക്കേണ്ടതാണ്:

(i) തീയേറ്ററുകളുടെ കെട്ടിട നികുതി.

(ii) കേരള പബ്ലിക്ക് റിസോർട്ട് ആക്ട് ലൈസൻസ് ഫീസ്.

(iii) സ്വകാര്യ ചന്തകൾക്കുള്ള ലൈസൻസ് ഫീസ്.

(iv) സ്വകാര്യ അറവുശാലകൾക്കുള്ള ലൈസൻസ് ഫീസ്.

(v) ബ്രോക്കർമാർ, കമ്മീഷൻ ഏജന്റുമാർ അളവു തൂക്കക്കാർ എന്നിവരുടെ ലൈസൻസ് ഫീസ്.

(vi) ഇറച്ചി വെട്ടുകാർ, മത്സ്യ കച്ചവടക്കാർ, കോഴിക്കച്ചവടക്കാർ എന്നിവരുടെ ലൈസൻസ് ഫീസ്.

LIBRARY ARCHIVES Kerala Legislative Assembly

(vii) വ്യാപാരാവശ്യങ്ങൾക്ക് മൃഗങ്ങളെ പ്രദർശിപ്പിക്കുന്ന പ്രദേശത്തിനുള്ള ഫീസ്.

(viii) ചന്തകൾക്കുള്ള ഫീസ്.

(ix) പൊതു വിശ്രമസ്ഥലങ്ങളിലും പാർക്കിംഗ് സ്ഥലങ്ങളിലും ഗേറ്റ് ഫീസ്.

(x) അറവുശാലകളുടെ ഗേറ്റ് ഫീസ്.

(xi) ശ്മശാനങ്ങൾ, ശവസംസ്കരണ സ്ഥലങ്ങൾ, വൈദ്യുതി ശ്മശാനങ്ങൾ എന്നിവയ്ക്ക് ഉപഭോക്തൃ ചുങ്കം.

(15) ആവശ്യാനുസരണം പരസ്യങ്ങൾ നല്കി ഇറച്ചി സ്റ്റാളുകളും ജലാശയങ്ങളിലെ മത്സ്യബന്ധനത്തിനുള്ള അവകാശവും തദ്ദേശഭരണ സ്ഥാപനങ്ങൾ എല്ലാ വർഷവും ലേലം ചെയ്ത് നല്കേണ്ടതാണ്.

(16) കേരള മുനിസിപ്പാലിറ്റി ആക്ടിലെ 376-ാം സെക്ഷൻ പ്രകാരം മുനിസിപ്പാലിറ്റികൾ ചെയ്യുന്നത് പോലെ പൊതുസ്ഥലങ്ങളിലുള്ള താൽക്കാലിക വ്യാപാര സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തുകൾ ലേലം ചെയ്ത് നല്കേണ്ടതാണ്.

ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശയിന്മേലുള്ള തുടർ നടപടികൾ :

(1) ഗ്രാമപഞ്ചായത്തുകളിലും നഗരസഭാ സ്ഥാപനങ്ങളിലും പരസ്യനികുതി ചുമത്തുന്നതിനുള്ള ചട്ടങ്ങൾ എത്രയും പെട്ടന്ന് പുറപ്പെടുവിക്കുന്നതാണ്.

(2) വസ്തു കൈമാറ്റത്തിൽ ചുരുങ്ങിയ വസ്തുവില തയ്യാറാക്കുന്ന നടപടി എത്രയും പെട്ടന്ന് പൂർത്തിയാക്കുന്നതാണ്.

(3) നികുതി മാപ്പുകൾ തയ്യാറാക്കുന്ന നടപടികൾ ഉടൻ ആരംഭിക്കുകയും ഏകീകൃത കെട്ടിട നമ്പർ നല്കുന്ന സമ്പ്രദായം ഏർപ്പെടുത്തുന്നതുമാണ്.

(4) കേരള നഗര വികസന ധനകാര്യ കോർപ്പറേഷനും ഗ്രാമീണ വികസന ബോർഡും സംയോജിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു ധനകാര്യ സ്ഥാപനം രൂപീകരിക്കുന്നതാണ്.

(5) കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ഇളവ് ഫീസിന്റെയും നിർമ്മാണം സാധൂകരിച്ചതിന് ഈടാക്കുന്ന ഫീസിന്റെയും 50 ശതമാനം അതത് ഗ്രാമപഞ്ചയത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും നല്കുന്നതാണ്.

(6) പുറമ്പോക്ക് ഭൂമി ഉപയോഗിക്കുന്നതിന് ഗ്രാമപഞ്ചയത്തുകളും നഗരസഭാ സ്ഥാപനങ്ങളും ദിവസ വാടക ഈടാക്കുന്ന കാര്യം പരിശോധിക്കുകയും കാലതാമസം കൂടാതെ സർക്കാർ തീരുമാനം എടുക്കുന്നതുമാണ്.

(7) ഒരു റവന്യൂ വില്ലേജിന്റെ പരിധി ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തിന്റെയും നഗരസഭാ സ്ഥാപനങ്ങളുടെയും പരിധിയിൽ വരാത്ത രീതിയിൽ റവന്യൂ വില്ലേജുകൾ പുനർക്രമീകരിക്കുക.

(8) ഏൽപ്പിക്കപ്പെട്ട നികുതി, വിഭജിച്ചു നൽകുന്ന നികുതി എന്നിവ കൈമാറ്റം ചെയ്തതുകൊണ്ടുണ്ടായ നഷ്ടം ഒരു പരിധിവരെ സർക്കാർ നികത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly